(മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക, ജി.ഐ.എസ് അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി രജിസ്റ്റർ ചെയ്യുക തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. സ്മാർട് പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അനുബന്ധ വൈദ്യുതി സംവിധാനങ്ങൾ പരമാവധി കാര്യക്ഷമതയിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

വൈദ്യുതി വിതരണരംഗം ആധുനികവത്കരിച്ച് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി കൊണ്ടുവരുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൻപ്രകാരം പദ്ധതി പ്രദേശത്ത് ഈ പ്രവൃത്തികൾ ചെയ്യുന്ന മുറയ്ക്ക് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 50,000 കോടി രൂപ ധനസഹായം നൽകുവാൻ നിർദ്ദേശം ചെയ്തിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട എല്ലാ സംസ്ഥാനങ്ങൾക്കുമായി വൈദ്യുതി വിതരണ മേഖലയിൽ വിവര സാങ്കേതിക വിദ്യ നടപ്പിലാക്കുന്ന പദ്ധതിയിൽ 10,000 കോടി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി കേരളത്തിന് 214.38 കോടി രൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്മാർട പദ്ധതിക്കായി 83.15 കോടി രൂപയും കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. RAPDRP-പാർട്ട്-ബി -യിൽ 1078 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ഇതിൽ 25% വായ്പയായാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ വായ്പാതുക ഗ്രാന്റായി മാറുന്നതാണ്. പാർട്ട്-ബി-ക്കായി കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ 161.74 കോടി രൂപ ലഭിച്ചിട്ടുണ്ട്.

പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ

9 (3162) <u>ശ്രീ. പി. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ നടപ്പാക്കാൻ കെ.എസ്.ഇ.ബി.-യെ പൊതുമേഖലയിൽ നിലനിർത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; ആയതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പുതിയ വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ നിലവിലുള്ള വിതരണ ലൈസൻസി ഒരു 'ഇൻകംബന്റ്' വിതരണ ലൈസൻസിയായി തുടരണമെന്നും പുതിയ സപ്ലൈ ലൈസൻസികൾ വിതരണം നടത്താൻ താല്പര്യപ്പെടാത്ത മേഖലകളിൽ ഇൻകമ്പന്റ് ലൈസൻസി വൈദ്യുത വിതരണം നടത്തണമെന്നും വിവക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് കെ.എസ്.ഇ.ബി.യെ കൊമേഴ്സ്യലായിൽ നിലനിർത്താൻ തടസ്സമില്ല. എന്നാൽ ഈ നിയമം നടപ്പിലായാൽ താഴെപ്പറയുന്ന സാഹചര്യം ഉണ്ടാകാനിടയുണ്ട്.

(1) പുതിയ സപ്ലൈ ലൈസൻസികൾ നിലവിൽ വരുമ്പോൾ, ഉയർന്ന നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന വാണിജ്യ ഉപഭോക്താക്കളും അതുപോലെയുള്ള മറ്റ് ഉപഭോക്താക്കളും പുതിയ സപ്ലൈ ലൈസൻസികളിലേക്ക് പോകുകയും, കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഭൂരിപക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കളും, ഉയർന്ന നിരക്കിൽ സബ്സിഡി ലഭിക്കുന്ന ദുർബല വിഭാഗ ഉപഭോക്താക്കളും മാത്രം ഉൾപ്പെടുന്ന ഒരു 'ഇൻകമ്പന്റ്' വിതരണ ലൈസൻസി മാത്രമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് മാറും. ദുർബല വിഭാഗങ്ങൾക്കും, ഗാർഹിക ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ നിർബന്ധിതമായ സർക്കാർ മേഖലയിലുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡ് നഷ്ടത്തിലേക്ക് നീങ്ങുകയും, നിലവിലുള്ള സഞ്ചിത നഷ്ടം വർദ്ധിച്ച് സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങുകയും ചെയ്യും.

(2) പുതിയ ഇന്റർമീഡിയറി കമ്പനികൾ നിലവിൽ വരുമ്പോൾ വൈദ്യുതി ഉല്പാദകരും, ട്രേഡേഴ്സുമായി നിലനിൽക്കുന്ന കുറഞ്ഞ വിലയുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ ഏകപക്ഷീയമായ റദ്ദാക്കലുകൾക്ക് വിധേയമാകാനും പ്രസ്തുത വൈദ്യുതി സഹകാര്യ സപ്ലൈ ലൈസൻസികളുമായി പങ്കുവയ്ക്കുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മനസമാധാനം തകർക്കും.

(3) പുതിയ സപ്ലൈ ലൈസൻസികളുടെ വരവോടുകൂടി, കെ.എസ്.ഇ.ബി. ലിമിറ്റഡ് വിഭജിച്ച് സപ്ലൈ ലൈസൻസിയും വിതരണ ലൈസൻസിയും ആകും. ഇതുമൂലം ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറയ്ക്കേണ്ടിവരും.

(4) ഗാർഹിക ഉപഭോക്താക്കൾക്കും മറ്റുമുള്ള ക്രോസ് സബ്സിഡി ഭാരമില്ലാത്ത പുതിയ സപ്ലൈ ലൈസൻസികൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകുന്ന വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വാണിജ്യ വ്യാവസായിക വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകാനാവും. ഇതുവഴി കെ.എസ്.ഇ.ബി. ലിമിറ്റഡ് കൂടുതൽ നഷ്ടത്തിലേക്ക് നീങ്ങുകയും ചെയ്യും. നിർദ്ദിഷ്ട ബില്ലിന്മേലുള്ള അഭിപ്രായങ്ങൾ പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ കേരളം അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ദോഷവശങ്ങൾ പരിഗണിക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡി-നെ പൊതുമേഖലയിൽ നിലനിർത്താൻ തടസ്സമില്ലെങ്കിലും, അതിന്റെ മത്സരക്ഷമത കുറയുകയും ലാഭത്തിൽ പ്രവർത്തിക്കാനുള്ള സാദ്ധ്യത തീരെ ഇല്ലാതാകുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. ഇത് പരിഹരിക്കാൻ സംസ്ഥാന സർക്കാരിന് ആകെ ചെയ്യാൻ കഴിയുന്നത് പുതിയ സപ്ലൈ ലൈസൻസികൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ കർക്കശമാക്കണമെന്ന നയപരമായ നിർദ്ദേശം റെഗുലേറ്ററി കമ്മീഷന് നല്കുക മാത്രമാണ്.

തടസ്സം കൂടാതെ വൈദ്യുതി എത്തിക്കാൻ നടപടി

10 (3163) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മുവാറ്റുപുഴ കൊളമ്പുര കടവിൽ സ്ഥാപിച്ചിട്ടുള്ള പ്രധാന ജല പമ്പിംഗ് സ്റ്റേഷനിലേക്ക് തടസ്സം കൂടാതെ വൈദ്യുതി എത്തിക്കുന്നതിനായി പ്രത്യേക വൈദ്യുത വിതരണ ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി 4.42 കോടി രൂപ 2/1/2009-ൽ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ തുക അടച്ച് ആറ് വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനോ, തടസ്സം കൂടാതെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ഇതര നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വൈദ്യുതി മുടങ്ങുന്നതുമൂലം പമ്പിംഗ് തടസ്സപ്പെടുന്നതിനാൽ അടിയന്തരമായി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly